മാതൃഭൂമി

യഥാർത്ഥ പത്രത്തിന്റെ ശക്തി

Mathrubhumi

# രാജ്യാന്തര പർവതദിനാചരണം



രാജ്യാന്തര പർവതദിനാചാരണത്തിൽ ഡയറക്ടർ ഡോ. സി. കുഞ്ഞിക്കണ്ണൻ ബോധവത്കരണ പോസ്റ്റർ പുറത്തിറക്കിയപ്പോൾ

**കോയമ്പത്തൂർ** ▸ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫോറസ്റ്റ് ജനറ്റിക്സ് ആൻഡ് ട്രീ ബ്രീഡിങ്ങിലെ എൻ.വി. എസ്സിന്റെ ആഭിമുഖ്യത്തിൽ രാജ്യാന്തര പർവതദിനാചരണം നടന്നു. ഡയറക്ടർ ഡോ. സി. കുഞ്ഞിക്കണ്ണൻ ഉദ്ഘാടനം ചെയ്തു. പർവതങ്ങൾക്ക് ജീവജാലങ്ങളിലുള്ള സ്വാധീനം അദ്ദേഹം വിശദീകരിച്ചു.

ഭാരതത്തിലെ പ്രമുഖ മലനിരകളുടെ പ്രാധാന്യം വർണിക്കുന്ന സംസ്കൃതശ്ലോകങ്ങളുടെ സംഗീതാവിഷ്കരണം വനജനിതകശാസ്ത്രജ്ഞൻ ഡോ. കണ്ണൻ വാദ്യാർ അവതരിപ്പിച്ചു. ബോധവത്കരണ പോസ്റ്ററുകൾ കേന്ദ്രം ഡയറക്ടർ ഡോ. സി. കുഞ്ഞിക്കണ്ണൻ പ്രകാശനം ചെയ്തു.

വിദ്യാർഥികൾക്കും പൊതുജനങ്ങൾക്കുമായി ഓൺലൈനിൽ ചിത്രരചനാമത്സരം ഉണ്ടായി. ആനക്കട്ടി മലനിരകളിലേക്ക് യാത്ര സംഘടിപ്പിച്ചു.

75. News in Mathrubhumi, Palakkad, 12.12.2021, Observance of International Mountain Day 2021 by IFGTB ENVIS.